"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -ശ്രീ.എസ്.എൽ.പത്മകുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള OA No. 2185/2019 കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26.11.2019-ലെ ഇടക്കാല ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.418/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 19.02.2020.**

---

പരാമർശം:
1) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2185/2019-ന്മേലുള്ള 26.11.2019-ലെ ഇടക്കാല ഉത്തരവ്.
2) 09.12.2019-ലെ ശ്രീ.എസ്.എൽ.പത്മകുമാർ സമർപ്പിച്ച അപേക്ഷ.
3) 11.12.2019 തീയതിയിലെ ഗ്രാമവികസന കമ്മീഷണറുടെ 16412/എസ്റ്റാ.ബി1/2019/സിആർഡി നമ്പർ കത്ത്.
4) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2185/2019-ന്മേലുള്ള 12.12.2019-ലെ ഇടക്കാല ഉത്തരവ്.

**ഉത്തരവ്**

ഗ്രാമ വികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.എസ്.എൽ.പത്മകുമാർ, തന്റെ 02/11/15 മുതൽ 12/01/2017 വരെയുള്ള ലീവ് കാലയളവ് ക്രമീകരിച്ച് ഫുൾ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 2185/2019 ഫയൽ ചെയ്തിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽതാഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

" The applicant will submit a written application pointing out that no leave is available in his leave account and therefore the period to be regularised could be treated as non-duty without any liabilities or service benefits. Along with a copy of this interim order, such a request will be submitted to the $2^{nd}$ respondent within one week and the 2nd respondent will forward the same to the first respondent Government along with appropriate recommendation within a further period of two weeks therefrom and the first respondent will pass appropriate orders thereon within a further period of six weeks. On the issuance of such an order, the same will be communicated to the third respondent with copy to the applicant."

അപേക്ഷകൻ 30.06.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ടിയാന്റെ ലീവ് അക്കൗണ്ടിൽ അവധി അവശേഷിക്കാത്തതിനാലും 02/11/15 മുതൽ 12/01/2017 വരെയുള്ള കാലയളവ് സേവനാനുകൂല്യങ്ങൾക്ക് അർഹതയില്ലായെന്ന വ്യവസ്ഥയിൽ നോൺഡ്യൂട്ടിയായി ക്രമീകരിച്ച് നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No. 2185/2019-മേലുള്ള ഇടക്കാല ഉത്തരവിന്റെയും ശ്രീ.എസ്. എൽ. പത്മകുമാറിന്റെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ ടിയാൻ ഓഫീസിൽ ഹാജരാകാതിരുന്ന 02.11.2015 മുതൽ 12.01.2017 വരെയുള്ള കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം 'നോൺ ഡ്യൂട്ടി'യായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ശ്രീ. എസ്. എൽ. പത്മകുമാർ, മായ, കാണവിള, ഊരൂട്ടമ്പലം, തിരുവനന്തപുരം- 695 507.
ഗ്രാമവികസന കമ്മീഷണർ.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ